# മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം.

വിഷയം : നഗര-ഗ്രാമാസൂത്രണ വകുപ്പ് – മുഖ്യനഗരാസൂത്രകയുടെ കാര്യാലയം, തിരുവനന്തപുരം – സാങ്കേതിക വിഭാഗം – കണ്ണൂർ ജില്ല – കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് – മാണിയൂർ വില്ലേജ് – പെട്രോളിയം ഔട്ട് ലെറ്റ് നിർമ്മാണം – ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം : 1) കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21/11/19-ലെ എ 2/4266/19 നമ്പർ കത്ത്.

2) കണ്ണൂർ ടൗൺ പ്ലാനറുടെ 30/12/19-ലെ TCPKNR/2387/2019-C നമ്പർ കത്ത്.

---

കെട്ടിട നിമ്മാണ അപേക്ഷ വിഭാഗം.

TCPCTP/49/2020-D3

തീയതി : 29/01/2020

---

കണ്ണൂർ ജില്ലയിലെ കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മാണിയൂർ വില്ലേജിൽ റീ സർവ്വേ നമ്പർ C43, D05, D25, 22/1317 ൽ ഉൾപ്പെടുന്ന 842 ച.മീ (750 sq.m proposed plot area for Petrol pumb) സ്ഥലത്ത് 252.2 ച.മീ (Sales building - 39 ച.മീ + Canopy - 213.2 ച.മീ ) വിസ്തീർണ്ണമുള്ള Group-I Hazardous occupancy-യിൽ പ്പെട്ട പെട്രോളിയം റീട്ടെയിൽ ഔട്ട് ലെറ്റ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. ദിനേശൻ, പുത്തലത്തിന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ. 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

## നിബന്ധനകൾ

1) താഴെപ്പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഒ.സി. എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്കുപ്പൻസി നൽകുവാൻ പാടുള്ളൂ.

2) കെ.പി.ബി.ആർ. 2011-ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം.

3) നിർമ്മാണം കെ.പി.ബി.ആർ 2011-നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

4) ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.

5) കട്ടിംഗ് / ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി. വാങ്ങിയിരിക്കണം.

6) നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന / നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവയ്ക്ക് അനുസൃതമായിരിക്കണം.

7) പെട്രോളിയം റൂൾസ് 1976 സംബന്ധിച്ച KPBR-2011-ലെ ചട്ടം 61(10) പാലിച്ചിട്ടുണ്ടെന്ന് നിർമ്മാണത്തിന് അനുമതി നൽകുന്നതിന് മുൻപ് നഗരസഭ സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 14/2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം : ഒരുസൈറ്റ് പ്ലാൻ

ജയശ്രീ. പി.ആർ,
ടൗൺ പ്ലാനർ

സെക്രട്ടറി, കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ.

പകർപ്പ് : 1) ദിനേശൻ പുത്തലത്ത്, ശ്രീസദ്മം, A.P., കാവിൻമൂല, മാമ്പ.പി.ഒ., കണ്ണൂർ-670 611.
2) ടൗൺ പ്ലാനർ, കണ്ണൂർ.
3) വെബ് സൈറ്റ്. 4) കരുതൽ ഫയൽ. 5) അധികം.